(ബി) 3, 6, 7 എന്നീ ബ്ലോക്കുകളിലേയും പണികൾ പൂർണ്ണമായും, 1, 2, 4, 5 ബ്ലോക്കുകളിലെ അവശേഷിക്കുന്ന ജോലികളും ഇനിയും ചെയ്തു തീർക്കേണ്ടതായുണ്ട്.

(സി) ജനപങ്കാളിത്തത്തോടു കൂടിയ പദ്ധതിയായിട്ടാണ് മേൽ പറഞ്ഞ പണികൾ എസ്. എഫ്. ഡി. എ. യുടെ കീഴിൽ ആരംഭിച്ചിട്ടുള്ളത്. അതനുസരിച്ച് 25 ശതമാനം ചെലവ് ഗുണഭോക്താക്കളായ കൃഷിക്കാർ വഹിക്കേണ്ടതായിട്ടുണ്ട്. ഇവരുടെ സഹകരണവും വിഹിതവും കിട്ടുകയാണെങ്കിൽ അവശേഷിക്കുന്ന പണികൾ ചെയ്തു തീർക്കാവുന്നതാണ്.

ടൗൺഷിപ്പ് ആക്കിമാറ്റാൻ നിവേദനം

797. [1179] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മെഡിക്കൽ കോളേജ് ഏരിയാ (ഗാന്ധി നഗർ) ഒരു ടൗൺഷിപ്പ് ആക്കി മാറ്റണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ ഗവൺമെന്റിന് ലഭിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഡിപ്പാർട്ടുമെന്റ് തയ്യാറാക്കിയ റിപ്പോർട്ടിന്റെ സാരാംശം എന്താണെന്നു വ്യക്തമാക്കാമോ;

(സി) ഈ പ്രദേശത്തിന്റെ വികസനത്തിനു ഇപ്രകാരം ഒരു ടൗൺഷിപ്പിന്റെ രൂപീകരണം അടിയന്തിര പ്രാധാന്യമുള്ളതാണെന്നു കരുതി ഇക്കാര്യത്തിൽ അനുകൂലമായ നടപടികൾ ഉടനടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പ്രദേശത്തിന്റെ പ്രാധാന്യവും ജനങ്ങളുടെ നിവേദനവും പരിഗണിച്ചു കോട്ടയം മെഡിക്കൽ കോളേജ് പ്രദേശം ടൗൺഷിപ്പ് ആയി ഉയർത്തുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കണമെന്നാണ് ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായം.

(സി) ഇക്കാര്യം ഗവൺമെന്റ് വിശദമായി പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

പോത്തുണ്ടി ശുദ്ധജല വിതരണ പദ്ധതി

798. [1186] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോത്തുണ്ടി ശുദ്ധജലവിതരണ പദ്ധതിക്കു ഇതിനകം എത്ര സംഖ്യ ചെലവായെന്നു വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പഞ്ചായത്തുകൾക്ക് പ്രയോജനം ചെയ്യുന്നതാണീ പദ്ധതി;

LIBRARY ARCHIVES Kerala Legislative Assembly